# ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് ഓഫീസ്

**ഇടിമുഴിക്കൽ ,ചേലേമ്പ്ര പി.ഒ, മലപ്പുറം ജില്ല, 673634 , ഫോൺ –04832891104**

chelembrapanchayath@gmail.com

*[ An ISO 9000-2015 Certified Office ]*


A1- 46 / ICDS/2026-27 തീയ്യതി : 03/10/2026

## ഇ–ടെണ്ടർ നോട്ടീസ്

ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് 2026–27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന "പുഞ്ചിരി വയോജനങ്ങൾക്ക് പല്ല് സെറ്റ് നൽകൽ " എന്ന പദ്ധതി **(Project No 46/2026-27)** നടപ്പിലാക്കുന്നതിനു വേണ്ടി താൽപര്യമുള്ള സ്ഥാപനങ്ങൾ/ഡെന്റൽ ക്ലിനിക്കുകൾ/ഡെന്റൽ ലബോറട്ടറികളിൽ നിന്നും മത്സരാധിഷ്ഠിത ഇടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു. എല്ലാ വിധ നികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് ഇ ടെണ്ടറിൽ ക്വാട്ട് ചെയ്യേണ്ടത്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിൻറെ പേര് | തുക | ടെണ്ടർ ഫീ | ഇ.എം.ഡി |
|---|---|---|---|---|---|
| 1 | **(Project No 46/2026-27)** | പുഞ്ചിരി വയോജനങ്ങൾക്ക് പല്ല് സെറ്റ് നൽകൽ | **1000000 /-** (വികസനഫണ്ട്) | **1500/-+GST 18%** | **10000/-** |

**ടെണ്ടർ ഷെഡ്യൂളുകൾ Online ആയി ലഭിക്കുന്നത് : 04/10/2026 ന് രാവിലെ 10.00 മണി മുതൽ**

**ടെണ്ടർ Online ആയി സ്വീകരിക്കുന്ന ആവസാന തീയ്യതി : 31/10/2026 ന് വൈകീട്ട് 2 മണി വരെ**

**ടെണ്ടർ തുറക്കുന്ന തീയ്യതി : 02/11/2026 ന് രാവിലെ 11.00 മണിക്ക്**

### നിബന്ധനകൾ

1. വയോജന ഗുണഭോക്താക്കൾക്ക് കൃത്രിമ പല്ല് (Dental Denture/Set of Teeth) നിർമ്മിച്ച് നൽകുന്നതിനും ആവശ്യമായ ദന്തപരിശോധന, അളവെടുപ്പ്, ട്രയൽ, ഫിറ്റിംഗ്, ആവശ്യമായ തുടർ ക്രമീകരണങ്ങൾ എന്നിവ നടത്തുന്നതിനുമായി ആവശ്യമായി വരുന്ന മൊത്തം തുകയാണ് ക്വാട്ട് ചെയ്യേണ്ടത്.
2. Material – High Impact Acrylic material

3. മുഴുവൻ Denture Procedure കഴിഞ്ഞ ശേഷം ഒരു വർഷത്തേക്ക് താഴെ വീണ് പൊട്ടുകയോ നഷ്ടപ്പെട്ടുകയോ അല്ലാതെയുള്ള Denture Corrections , Relining എന്നിവ ഫ്രീ ആയിരിക്കണം
4. Retain ചെയ്യാൻ പറ്റാത്ത പല്ലുകൾ വായിൽ ഉണ്ടെങ്കിൽ അവ എടുത്ത് കളഞ്ഞ് വേണം Complete Denture വയ്ക്കാൻ.
5. ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്ത ഡെന്റൽ ക്ലിനിക്/ഡെന്റൽ സ്ഥാപനമോ അംഗീകൃത ഡെന്റൽ ലബോറട്ടറിയോ ആയിരിക്കണം.
6. സ്ഥാപനത്തിന് ബാധകമായ രജിസ്ട്രേഷൻ, ലൈസൻസ്, അംഗീകാരം എന്നിവ ഉണ്ടായിരിക്കണം.
7. ബന്ധപ്പെട്ട ഡെന്റൽ പ്രൊഫഷണലുകളുടെ രജിസ്ട്രേഷൻ/യോഗ്യതാ രേഖകൾ ആവശ്യപ്പെട്ടാൽ ഹാജരാക്കണം.
8. GST രജിസ്ട്രേഷൻ ബാധകമാണെങ്കിൽ GST സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം., PAN കാർഡിന്റെ പകർപ്പ് സമർപ്പിക്കണം.
9. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ/ലൈസൻസ് രേഖകളുടെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കണം.
10. ഒരു ഗുണഭോക്താവിനുള്ള നിരക്കിൽ താഴെപ്പറയുന്ന എല്ലാ സേവനങ്ങളും ഉൾപ്പെട്ടിരിക്കണം. (Complete Denture Rehabilitation Procedure)

    **ദന്തപരിശോധന,ആവശ്യമായ അളവെടുപ്പ്, ആവശ്യമായ, impression എടുക്കൽ, denture നിർമ്മാണം, ആവശ്യമായ trial, fitting, ആവശ്യമായ adjustment, ഗുണഭോക്താവിന് ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ., ഉപയോഗിക്കുന്ന dental materials ഗുണമേന്മയുള്ളതും ഗുണഭോക്താവിന് അനുയോജ്യവുമായിരിക്കണം., ഓരോ ഗുണഭോക്താവിന്റെയും ആവശ്യകത അനുസരിച്ച് ആവശ്യമായ അളവെടുപ്പും fitting-ഉം നടത്തണം., പല്ല് നൽകുന്നതിന് മുമ്പ് ആവശ്യമായ trial നടത്തി ഗുണഭോക്താവിന് അനുയോജ്യമാണെന്ന് ഉറപ്പാക്കണം., പല്ല് ഘടിപ്പിച്ചതിന് ശേഷം ആവശ്യമായ ചെറിയ adjustment/പരിഷ്കരണങ്ങൾ നടത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായിരിക്കും.**

11. പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് ക്യാമ്പ്/പരിശോധന/അളവെടുപ്പ്/വിതരണം നടത്തേണ്ടി വന്നാൽ അതിനനുസരിച്ച് സേവനം നൽകണം.
12. ഗുണഭോക്താവിന് നേരിട്ട് ആവശ്യമായ സേവനം ലഭ്യമാക്കണം.
13. നിർവഹിച്ച സേവനങ്ങളുടെ ഗുണനിലവാരം നിർവഹണ ഉദ്യോഗസ്ഥ/പഞ്ചായത്ത് പരിശോധിക്കാനുള്ള അവകാശം ഉണ്ടായിരിക്കും.
14. ആവശ്യമായാൽ സ്ഥാപനത്തിന് സേവനം സംബന്ധിച്ച രേഖകൾ, ഗുണഭോക്താക്കളുടെ acknowledgement, measurement/trial records തുടങ്ങിയവ സമർപ്പിക്കേണ്ടതാണ്.

15. സേവനം പൂർണ്ണമായും തൃപ്തികരമായി പൂർത്തിയാക്കിയതിന് ശേഷം, ആവശ്യമായ ബില്ലുകളും അനുബന്ധ രേഖകളും പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ പ്രകാരം തുക അനുവദിക്കുന്നതാണ്.
16. ടെൻഡറിൽ സമർപ്പിക്കുന്ന നിരക്ക് ഒരു ഗുണഭോക്താവിന് മുഴുവൻ സേവനത്തിനുമുള്ള നിരക്ക് ആയിരിക്കണം.
17. നികുതി, മെറ്റീരിയൽ, നിർമ്മാണം, fitting, transportation, labor തുടങ്ങിയ ബാധകമായ എല്ലാ ചെലവുകളും നിരക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കണം.
18. ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനം ടെൻഡർ നിബന്ധനകൾ അംഗീകരിക്കുന്നതായി രേഖാമൂലം പ്രഖ്യാപിക്കണം.
19. അപൂർണ്ണമായ ടെൻഡറുകളോ ആവശ്യമായ രേഖകൾ ഹാജരാക്കാത്ത ടെൻഡറുകളോ നിരസിക്കാവുന്നതാണ്.
20. തെറ്റായ വിവരങ്ങളോ വ്യാജ രേഖകളോ സമർപ്പിച്ചതായി കണ്ടെത്തിയാൽ ടെൻഡർ റദ്ദാക്കാനും നിയമാനുസൃത നടപടി സ്വീകരിക്കാനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കും.
21. ടെൻഡർ സ്വീകരിക്കുന്നതിലും നിരസിക്കുന്നതിലും ബാധകമായ procurement ചട്ടങ്ങൾക്കും പഞ്ചായത്ത് തീരുമാനങ്ങൾക്കും വിധേയമായി നടപടി സ്വീകരിക്കുന്നതാണ്.
22. ടെൻഡർ ലഭിക്കുന്ന സ്ഥാപനവുമായി ആവശ്യമായ കരാർ പഞ്ചായത്ത് നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കേണ്ടതാണ്.
23. സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ നിലവിലെ ഉത്തരവുകൾ, സർക്കുലറുകൾ, procurement ചട്ടങ്ങൾ എന്നിവ ഈ ടെൻഡറിനും ബാധകമായിരിക്കും.
24. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണങ്ങളാൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടർ തുറന്നു പരിശോധിക്കുന്നതായിരിക്കും
25. ടെണ്ടർ സ്വീകരിക്കുന്നതിനും, കാരണം കൂടാതെ നിരസിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നോ https://etenders.kerala.gov.in/ എന്ന വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്.

Supervisor ICDS
Chelembra Grama Panchayath

ഐ സി ഡി എസ് സൂപ്പർ വൈസർ

ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

ICDS Supervisor
Malappuram
Pin - 673634
Chelembra Grama Panchayath